# വഞ്ചനയുടെ പെരുമഴക്കാലം

## - തുടരുന്ന കാപട്യം



**പങ്കാളിത്ത പെൻഷൻ പദ്ധതി പിൻവലിക്കുക. പി.എഫ്.ആർ.ഡി.എ നിയമം പിൻവലിക്കുക തുടങ്ങിയ ആവശ്യങ്ങളുമായി ഭരണപക്ഷ സർവ്വീസ് സംഘടനകൾ സംഘടിപ്പിക്കുന്ന വിവിധതരം മാർച്ചുകൾ ആരെ പറ്റിക്കാനാണ്.**

**ഈ വിഷയത്തിലെ ഇവരുടെ കാപട്യം ജീവനക്കാർ തിരിച്ചറിയുക തന്നെ ചെയ്യും.**

- പങ്കാളിത്ത പെൻഷൻ പദ്ധതി കേരളത്തിൽ നടപ്പിലാക്കിയതിനെ ഇക്കൂട്ടർ എതിർക്കുന്നുവെങ്കിൽ ദേവസ്വം ബോർഡ് ഉൾപ്പെടെ 5 പൊതുമേഖലാസ്ഥാപനങ്ങളിൽ പങ്കാളിത്ത പെൻഷൻ പദ്ധതി നടപ്പിലാക്കിയ ഇടതു സർക്കാരിനെതിരെ മാർച്ച് നടത്തുമോ ?
- കോൺഗ്രസ് ഭരണത്തിലിരിക്കുന്ന രാജസ്ഥാൻ, ഹിമാചൽ പ്രദേശ്, ഛത്തിസ്ഘട്ട് സംസ്ഥാനങ്ങളിൽ പങ്കാളിത്ത പെൻഷൻ പദ്ധതി പിൻവലിച്ചത് മാതൃകയാക്കി കേരളത്തിലും ഇടതു സർക്കാർ പങ്കാളിത്ത പെൻഷൻ പദ്ധതി പിൻവലിക്കണമെന്ന് ആവശ്യപ്പെടുമോ ?
- പങ്കാളിത്ത പെൻഷൻ പദ്ധതി പുനഃപരിശോധിക്കുമെന്ന് പ്രകടന പത്രികയിൽ എഴുതി ചേർത്ത് അധികാരത്തിൽ വന്ന ഇടതു സർക്കാർ നിയോഗിച്ച കമ്മിറ്റിയുടെ, പൊതുഖജനാവിലെ പണം ചെലവഴിച്ച് പ്രവർത്തിച്ച് തയ്യാറാക്കിയ റിപ്പോർട്ട് പുറത്തുവിടണമെന്നെങ്കിലും ആവശ്യപ്പെടുമോ ?
- പങ്കാളിത്ത പെൻഷൻ ബാധകമായ സർക്കാർ ജീവനക്കാരൻ മരണപ്പെട്ടാൽ അവകാശിക്ക് ജോലി ലഭിക്കുന്നതുവരെ ജീവനക്കാരൻ വാങ്ങിയ അവസാന മാസത്തെ ശമ്പളം അതേപടി നൽകുമെന്ന ഉമ്മൻചാണ്ടി സർക്കാരിന്റെ ഉത്തരവ് അട്ടിമറിച്ച് അടിസ്ഥാന ശമ്പളത്തിന്റെ 30% ആയി പരിമിതപ്പെടുത്തിയ ഇടതു സർക്കാർ ഉത്തരവ് തിരുത്തണമെന്ന് ആവശ്യപ്പെടുമോ ?
- ഇൻഡ്യയിലെ പങ്കാളിത്ത പെൻഷൻ ബാധകമായ കേന്ദ്ര ഗവൺമെന്റ് ജീവനക്കാർക്കും എല്ലാ സംസ്ഥാന സർക്കാർ ജീവനക്കാർക്കും സർക്കാർ വിഹിതമായി 14% നൽകുമ്പോൾ കേരളത്തിൽ മാത്രം സർക്കാർ വിഹിതം 10% ആയി തുടരുന്നത് ഇരട്ടത്താപ്പാണ് അതു തിരുത്തണമെന്ന് പറയാൻ തയ്യാറാകുമോ ?
- കേന്ദ്രസർക്കാർ നിയോഗിച്ച കമ്മീഷന്റെ ശുപാർശ പ്രകാരം കേരളത്തിലൊഴികെ എല്ലാ സംസ്ഥാനങ്ങളിലെയും കേന്ദ്ര ഗവൺമെന്റിലെയും പങ്കാളിത്തപെൻഷൻ ബാധകമായ ജീവനക്കാർക്ക് DCRG ലഭിക്കുമ്പോൾ കേരളത്തിലെ പങ്കാളിത്ത പെൻഷൻക്കാർക്കുമാത്രം DCRG നൽകാത്തത് ഇരട്ടത്താപ്പാണെന്നും അന്താരാഷ്ട്രതൊഴിൽ നിയമങ്ങളുടെ ലംഘനമാണെന്നും തൊഴിലാളിവർഗ്ഗ സർക്കാരിനോട് പറയാൻ ധൈര്യമുണ്ടോ ?
- പങ്കാളിത്ത പെൻഷൻ പിൻവലിക്കില്ലെന്ന് എഴുതി നൽകി ജീവനക്കാരെ പണയം വച്ച് അധിക വായ്പ എടുത്തതിനെ ചോദ്യം ചെയ്യാൻ തയ്യാറാണോ ?

## ഇല്ല ഇവർക്കാകില്ല.

**ഇവരുടെ കൂറ് ജീനവക്കാരോടല്ല രാഷ്ട്രീയ യജമാനൻമാരോടാണെന്നു ചരിത്രം പലവട്ടം തെളിയിച്ചതാണ്.**

- 1998 ലെ ശമ്പള പരിഷ്കരണത്തിൽ പെൻഷൻ കമ്മ്യൂട്ടേഷൻ 33 1/3 % ആയി ഇടതുസർക്കാർ കുറച്ചപ്പോൾ ഇവർ എതിർത്തില്ല. SETO സംഘടനകൾ അതിനെതിരായി പ്രക്ഷോഭം സംഘടിപ്പിച്ചു . അടുത്ത UDF സർക്കാരിനെക്കൊണ്ട് അത് 40 % ആയി വർദ്ധിപ്പിച്ചു.
- 2001 മെയ് മാസം അധികാരമൊഴിഞ്ഞ ഇ.കെ.നായനാർ സർക്കാർ 4 ഗഡുക്ഷാമബത്ത കുടിശ്ശികയാക്കി DCRG യും പെൻഷൻ കമ്മ്യൂട്ടേഷനുംഅടക്കമുളള പെൻഷൻ ആനുകൂല്യങ്ങൾ എട്ടുഗഡുക്കളൊക്കി നല്കാൻ ഉത്തരവിറക്കുകയും ചെയ്തിട്ട് ഇവർ പ്രതികരിച്ചോ. തുടർന്ന് വന്ന UDF സർക്കാർ ഈ ഉത്തരവ് ചവറ്റുകുട്ടയിലിട്ടത് മറന്നുപോയോ.

- GO(P)No.154/09/Fin. തീയതി 24/04/2009 ഉത്തരവ്പ്രകാരം ഇടതു സർക്കാർ നടപ്പാക്കിയ പെൻഷൻ തീയതി ഏകീകരണമെന്ന തിരുമണ്ടൻ പരിഷ്കാരം മറന്നോ? ജനനത്തീയതി ഏതുമാസമായാലും മാർച്ച് 31ന് വിരമിച്ചാൽ മതിയെന്ന ഉത്തരവുവഴി അവസാനമാസങ്ങളിൽ ജീവനക്കാർക്ക്ലഭിക്കേണ്ട സ്ഥാനക്കയറ്റവും അതുവഴിയുണ്ടാകേണ്ട പെൻഷൻ ആനുകൂല്യങ്ങളിലെ വർദ്ധനവും നിഷേധിച്ചപ്പോൾ അരുതേ എന്നു പറയാൻ ധൈര്യമുണ്ടായോ. അതിനെതിരായി സെറ്റോ സംഘടനകൾ നടത്തിയ പ്രക്ഷോഭത്തിന്റെ ഫലമായി തുടർന്നുവന്ന ഉമ്മൻചാണ്ടി സർക്കാർ പെൻഷൻ തീയതി ഏകീകരണം എടുത്തുകളഞ്ഞ് പെൻഷൻ പ്രായം 56 വയസ്സായി ഉയർത്തിയത്മറന്നുവോ.
- 1998 ലെ ശമ്പള പരിഷ്കരണത്തിലൂടെ TYPIST CATEGORY യുടെ Senior Grade തസ്തിക എടുത്തു കളഞ്ഞതും അടുത്ത UDF സർക്കാർ പുനഃസ്ഥാപിച്ചതും മറന്നോ
- ഇൻഡ്യയിൽ എല്ലാ സംസ്ഥാനങ്ങളിലും നടപ്പിലാക്കി കഴിഞ്ഞ പങ്കാളിത്ത പെൻഷൻ പദ്ധതി അന്നത്തെ കേന്ദ്രസർക്കാരിന്റെ ശക്തമായ സമ്മർദ്ദം കാരണം UDF സർക്കാർ കേരളത്തിൽ നടപ്പിലാക്കിയത് തെറ്റാണെന്ന നിലപാട്സ്വീകരിച്ച സംഘടനയാണ്കെ ജി ഒ യു

## കഴിഞ്ഞ 7 വർഷമായി നാം നേരിടുന്ന<br>അവകാശനിഷേധം, ആനുകൂല്യ നിഷേധം ഇവർ കാണുന്നുണ്ടോ.?

CCA ഇല്ല, HBA ഇല്ല, ശമ്പള പരിഷ്കരണത്തിന് വെയിറ്റേജില്ല, ശമ്പള പരിഷ്കരണകുടിശ്ശികയില്ല, 6 ഗഡു. (18% ക്ഷാമബത്ത) കുടിശ്ശിക (കിട്ടുന്നത് 7% കിട്ടാനുള്ളത് 18%) നാലു വർഷമായി EL സറണ്ടറില്ലാ, MEDISEPഎറ്റവും വികലമായി നടപ്പാക്കി, സാലറി ചലഞ്ച്നടപ്പാക്കി, ഇനി ശമ്പളവും പെൻഷനും കവർന്നെടുത്താലും മൗനം വെടിയുമോ ?

2001 മെയ്മാസം അധികാരമൊഴിഞ്ഞ നായനാർ സർക്കാർ വരുത്തിയ സാമ്പത്തിക ബാദ്ധ്യത മൂലം 2002 ൽ എ.കെ.ആന്റണി സർക്കാർ ജീവനക്കാരുടെ ഒരു വർഷത്തെ EL സറണ്ടർ ആനുകൂല്യം മരവിപ്പിച്ച് ഉത്തരവിറക്കിയപ്പോൾ അതിനെതിരെ 32 ദിവസം പണി മുടക്കിയ SETO സംഘടനകളുടെ ചരിത്രം ജീവനക്കാർ മറക്കില്ല. ജീവനക്കാരുടെ അവകാശ സമരങ്ങൾക്ക്ഇടതുഭരണ കാലത്ത്ഇടവേള നല്കുന്ന കള്ളനാണയങ്ങളെ തിരിച്ചറിയണം. ജീവനക്കാരുടെ താല്പര്യങ്ങൾക്കെതിരായ നിലപാടെടുക്കുന്നവരെ സിവിൽ സർവ്വീസിൽ ഒറ്റപ്പെടുത്തേണ്ട സമയം അതിക്രമിച്ചിരിക്കുന്നു. ഉദാഹരണങ്ങൾ ഇനിയുമുണ്ട് LDF സർക്കാർ ചെയ്തത് തെറ്റെന്ന് ഞങ്ങൾ പറഞ്ഞാൽ UDF സർക്കാർ തിരുത്തുന്നതാണ് ചരിത്രം.

അവകാശ സമരപോരാട്ടങ്ങളിൽ ഒരുമിച്ച് നിന്ന്ജീവനക്കാരുടെ ആനൂകൂല്യങൾ നേടിയെടുക്കുവാൻ നാം പ്രതിജ്ഞാബദ്ധരാണ്. ഏഴുവർഷംകൊണ്ട് തകർത്തു തരിപ്പണമാക്കിയ സിവിൽ സർവ്വീസിനെ വീണ്ടെടുക്കാനുള്ള പോരാട്ടത്തിന് എല്ലാ വിഭാഗം ജീവനക്കാരെയും സ്വാഗതം ചെയ്യുന്നു.

സെറ്റോയുടെ നേതൃത്വത്തിൽ നടത്തുന്ന സൂചനാ പണിമുടക്കിൽ അണിചേർന്ന് സിവിൽ സർവീസിനെ സംരക്ഷിക്കാനുള്ള പോരാട്ടത്തിൽ പങ്കാളികളാകാൻ ഏവരോടും അഭ്യർത്ഥിക്കുന്നു

2024
ജനുവരി
24

സിവിൽ സർവീസിനെ സംരക്ഷിക്കാൻ
അവകാശ നിഷേധങ്ങൾക്കെതിരെ നിരന്തരമായ വഞ്ചനക്കെതിരെ
സെറ്റോയുടെ നേതൃത്വത്തിൽ ജീവനക്കാരുടെ

# പണിമുടക്കം

പങ്കെടുക്കുക... വിജയിപ്പിക്കുക...

**കേരള ഗസറ്റഡ് ഓഫീസേഴ്സ് യൂണിയൻ**
സംസ്ഥാന കമ്മിറ്റിക്ക് വേണ്ടി
അഭിവാദനങ്ങളോടെ,

**കെ സി സുബ്രഹ്മണ്യൻ**
പ്രസിഡന്റ്

**വി എം ഷൈൻ**
ജനറൽ സെക്രട്ടറി

**ബി ഗോപകുമാർ**
ട്രഷറർ

KGOU KGOU KGOU KGOU KGOU KGOU KGOU KGOU KGOU KGOU KGOU KGOU KGOU KGOU KGOU KGOU KGOU KGOU KGOU